"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.2345/2025/LSGD തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-
1. 06.03.2023 ലെ സ.ഉ.(സാധാ)564/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. 16.07.2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/24739/2024-DPLC2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 31/03/23 മുതൽ 31/05/2023 വരെ ടാങ്കർ ലോറിയിൽ കുടിവെള്ള വിതണം നടത്തിയത്തിന് ലിറ്ററിന് 36 പൈസ നിരക്കിൽ ആകെ 16,79,004/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും, പരാമർശം(1)ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് കുടിവെള്ള വിതരണം ചെയ്യുന്നതിന് മാർച്ച് മാസം ആറ് ലക്ഷം രൂപയും ഏപ്രിൽ/മെയ് മാസങ്ങളിലായി പന്ത്രണ്ട് ലക്ഷം രൂപയുമാണ് ചെലവഴിക്കുന്നതിന് അനുമതിയുള്ളതെന്നും, ഇതു പ്രകാരം ഏപ്രിൽ/മെയ് മാസങ്ങളിൽ അനുമതിയുള്ള 12 ലക്ഷം രൂപ മാത്രമാണ് കരാറുകാരന് അനുവദിച്ചിട്ടിട്ടുള്ളതെന്നും പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാർച്ച് മാസത്തിൽ കുടിവെള്ള വിതരണത്തിന് അനുവദിച്ച തുക വിനിയോഗിക്കേണ്ടി വന്നിട്ടില്ലാത്ത സാഹചര്യത്തിൽ വരൾച്ച ബാധിത പ്രദേശത്ത് കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് നൽകുവാനുള്ള ₹4,79,004/- (നാല് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി നാല് രൂപ മാത്രം) തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനം, ടെണ്ടർ നടപടികൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ്. രേഖകൾ സഹിതം മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടന്റെയും, പുലാമന്തോൾ ഗ്രാമപഞ്ചായത് സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ ₹4,79,004/- തനതു ഫണ്ടിൽ നിന്നും

അനുവദിക്കുന്നതിനുള്ള അനുമതിക്കായി അനുബന്ധ രേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ 31/03/23 മുതൽ 31/05/2023 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,79,004/- (നാല് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി നാല് രൂപ മാത്രം) രൂപ, ചിലവ് ആധികാരികത പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് , മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ്2) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Shaija R M

സെക്ഷൻ ഓഫീസർ

Date: 25-09-2025 16:20:10